2004 കലണ്ടർ വർഷത്തിൽ സംസ്ഥാനത്ത് ആകെ 1092 വെളിച്ചെണ്ണ സാമ്പിളുകൾ പരിശോധിച്ചപ്പോൾ 35 സാമ്പിളുകളിലും 1-1-2005 മുതൽ 30-6-2005 വരെ സംസ്ഥാനത്ത് ആകെ 439 സാമ്പിളുകൾ പരിശോധിച്ചതിൽ 12 എണ്ണത്തിലും മായം ചേർത്തതായി കണ്ടു. മായം ചേർത്ത വെളിച്ചെണ്ണ വില്പന നടത്തിയവർക്കെതിരെ മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ഇ) വെളിച്ചെണ്ണ വിപണിയെ മായം ചേർക്കൽ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് ആരോഗ്യ വകുപ്പ് പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല.

കേരളത്തിലെ മെഡിക്കൽ കോളേജുകൾ

68 [1775] *ശ്രീ. സി. മമ്മൂട്ടി:*

„ *പി. കെ. കെ. ബാവ:*

„ *പി. കെ. അബ്ദുറബ്ബ്:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സർക്കാർ മേഖലയിൽ എത്ര;

(സി) സ്വകാര്യ മേഖലയിൽ എയിഡഡ്-അൺ എയിഡഡ് എത്ര; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച മെഡിക്കൽ കോളേജുകൾ എത്ര; അവ ഏതെല്ലാം;

(ഇ) ഓരോ കോളേജുകളിലും നിലവിലുള്ള സീറ്റുകൾ എത്ര;

(എഫ്) ഇവയിൽ സർക്കാർ നേരിട്ട് നിയമനം നടത്തുന്ന സീറ്റുകൾ എത്രയാണ്; ഇവയ്ക്ക് നിശ്ചയിച്ച ഫീസ് എത്ര;

(ജി) സ്വകാര്യ മാനേജ്മെന്റുകൾ പ്രവേശനം നൽകുന്ന സീറ്റുകൾ എത്ര; ഇവയുടെ ഫീസ് എത്ര; വിശദമാക്കുമോ;

(എച്ച്) ഇവയിൽ സംവരണം പാലിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എത്ര ശതമാനം വീതമാണ് സംവരണം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 14 മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സർക്കാർ മേഖലയിൽ 5 മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) സഹകരണ മേഖലയിൽ രണ്ടും സ്വാശ്രയ മേഖലയിൽ ഏഴും മെഡിക്കൽ കോളേജുകളുണ്ട്.

സഹകരണ മേഖലയിൽ

1. അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കണ്ണൂർ.
2. സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി.

സ്വകാര്യ മേഖലയിൽ

1. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തൃശ്ശൂർ.
2. ഇ.എം.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ.
3. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ.
4. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി.
5. പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ, തിരുവല്ല.
6. ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം.
7. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, എറണാകുളം. (ഇപ്പോൾ അമൃതാഡീംഡ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നു.)

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 സ്വാശ്രയ മെഡിക്കൽ കോളേജുകൾ അനുവദിച്ചു. അവ താഴെ പറയുന്നവയാണ്.

1. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തൃശ്ശൂർ.
2. സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി.
3. ഇ.എം.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ.
4. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly

5. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി, എറണാകുളം.

6. പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ, തിരുവല്ല.

7. ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം.

8. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, എറണാകുളം.

(ഇ) സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ 200 സീറ്റു വീതവും കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ 100 സീറ്റു വീതവും ഉണ്ട്. കൂടാതെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 100 സീറ്റു വീതം 8 മെഡിക്കൽ കോളേജുകളിലായി 800 സീറ്റുകളുമാണുള്ളത്. ഡീംഡ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ 100 സീറ്റുണ്ട്.

(എഫ്) സർക്കാർ മെഡിക്കൽ കോളേജുകളിലെ അഖിലേന്ത്യാ ക്വാട്ടയിലുള്ള 105 സീറ്റുകളും നാമനിർദ്ദേശം ചെയ്യുന്ന 29 സീറ്റുകളുമൊഴികെ 566 സീറ്റുകളിലേക്കും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50% സീറ്റിലേക്കും (ഈ വർഷം 400 സീറ്റ്) സർക്കാർ നേരിട്ട് വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രതിവർഷം കോഷൻ ഡെപ്പോസിറ്റ് 12,225 രൂപ ഫീസായി ഈടാക്കുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിർദ്ദേശിച്ച 1,13,000 രൂപയും ഫീസായി ഈടാക്കുന്നു. ഈ കോളേജുകളിൽ പരമാവധി 10,000 രൂപ കോഷൻ ഡെപ്പോസിറ്റായി നൽകണം.

(ജി) സ്വകാര്യ മാനേജ്മെന്റുകൾ നിലവിലുള്ള സീറ്റിന്റെ 50% സീറ്റുകളിലേക്ക് (8 കോളേജുകളിൽ 400 സീറ്റ്) പ്രവേശനം നൽകുന്നു. ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരം പ്രതിവർഷം 1,13,000 രൂപയാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ്. (ഡീംഡ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ ഉള്ള 100 സീറ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പരിധിയിൽ വരുന്നില്ല.)

(എച്ച്) മാനേജ്മെന്റ് സീറ്റിലെ സംവരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്

69 [1776] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. യൂണിവേഴ്സിറ്റിയിലെ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ് ഏതെല്ലാം കോളേജുകളിലാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly